


# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച



## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം: പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575







## ഐക്കണുകളെ പ്രണയിക്കുന്ന

# അക്കു

അക്കു എന്ന ഓമനപ്പേരുള്ള നിഖിൽ കുര്യാക്കോസ് ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കൊച്ചുമിടുക്കനാണ്. പാലാ രൂപതയിലെ വെള്ളികുളം സെന്റ് ആന്റണീസ് ഇടവകാംഗമായ അക്കുമോൻ. ചിത്രരചനയിലും ഐക്കണോഗ്രാഫിയിലും പഠനത്തിലുമെല്ലാം കഴിവും മികവും തെളിയിച്ചുകൊണ്ടിരിക്കുന്ന ഒരു ബാലപ്രതിഭയാണ്. വായനയും എഴുത്തും ചിത്രരചനയും ഹോബിയാക്കിയിരിക്കുന്ന ഈ കൊച്ചുമിടുക്കന് തന്റേതായ ഒരു യു ട്യൂബ് ചാനലുമുണ്ട്. തന്റെ ചിത്രരചനകളും പ്രത്യേകമായി ഐക്കണുകളുമെല്ലാം ഇതുവഴിയായി കൊച്ചുകൂട്ടുകാർക്ക് ഷെയർ ചെയ്യുന്നു.

പള്ളിയിലും പള്ളിക്കൂടത്തിലും വീട്ടിലും നാട്ടിലും എവർക്കും പ്രിയങ്കരനാണ് അക്കു. ഐക്കണോഗ്രാഫിയിലും സുറിയാനിഭാഷയിലും ഭാവിയിൽ പഠനം നടത്താൻ കൊതിക്കുന്ന അക്കു നടുവരത്തട്ട് വീട്ടിൽ ജേക്കബ് കുരുവിളയുടെയും മേഴ്സി ജേക്കബിന്റെയും മകനാണ്. നീതുവും നിനുവുമാണ് സഹോദരിമാർ. നിഖിൽ ഇപ്പോൾ വെള്ളികുളം സെന്റ് ആന്റണീസ് ഹൈസ്കൂളിലാണ് പഠിക്കുന്നത്.

വാഗമൺ മിത്രനികേതനിലെ ആർട്ട് ക്യാമ്പുകളിലെ സജീവസാന്നിധ്യമാണ് ഈ കൊച്ചു കലാപ്രതിഭ. വെള്ളികുളം എൽ പി സ്കൂളിലെ ചുവർചിത്രരചനയിലൂടെയും അക്കു എവരുടെയും ശ്രദ്ധ നേടിയിരിക്കുന്നു.

പ്രത്യേക പരിശീലനം ലഭിച്ചിട്ടില്ലെങ്കിലും ജന്മസിദ്ധമായ കലാവാസന അക്കുവിന്റെ സൃഷ്ടികളിൽ തെളിഞ്ഞുകാണാം. ചിത്രകലയുടെ, പ്രത്യേകിച്ച്, ഐക്കൺ ചിത്രരചനകളുടെ ഒരു ഉപാസകനാകുകയെന്നതാണ് അക്കുവിന്റെ സ്വപ്നം.

ബൈബിൾ വായിച്ചും ധ്യാനിച്ചും ഉപവസിച്ചുമാണ് ഈ മിടുക്കൻ തന്റെ ചിത്രങ്ങൾക്ക് തേജസ്സു ചാർത്തുന്നതെന്നതും ശ്രദ്ധേയമാണ്.

■ ഫാ. ആന്റണി ഞള്ളംപുഴ സി.എം.ഐ.



എൽ.പി. സ്കൂൾ ചുമർ ചിത്രരചന നടത്തിയ അക്കുവും ടീമും ബഹുമാനപ്പെട്ട വികാരി ഫാ. മൈക്കിൾ വടക്കേക്കരയോടും കുട്ടികളോടൊപ്പം

## സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കായി

# ഏകദിനസാഹിത്യശില്പശാല ജൂലൈ 9ന്

പാലാ: ദീപനാളം വാരികയുടെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കായി ഏകദിനസാഹിത്യശില്പശാല ജൂലൈ 9 ശനിയാഴ്ച ദീപനാളം ഓഡിറ്റോറിയത്തിൽ നടക്കും. കഥ - കവിത - ലേഖനരചനാവിഭാഗങ്ങളിലാണ് ശില്പശാല.

രാവിലെ 10 ന് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ശില്പശാല ഉദ്ഘാടനം ചെയ്യും. ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രസംഗം നടത്തും. എഴുത്തുകാരനും നിരൂപകനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തും. അക്ഷരസമരത്തിന്റെ അമരക്കാരൻ ഫാ. ഡോ. തോമസ് മൂലയിലിനെ ചടങ്ങിൽ ആദരിക്കും. സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പലും മലയാളവിഭാഗം മേധാവിയുമായ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

കേന്ദ്രസാഹിത്യ അക്കാദമി യുവപുരസ്കാർ ജേതാവ് മോബിൻ മോഹൻ, എഴുത്തുകാരായ ബിപിൻ ചന്ദ്രൻ, ഡോ. സി. തെരേസ് ആലഞ്ചേരി എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും. വിദ്യാർത്ഥികൾക്ക് സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരമുണ്ട്. ക്ലാസുകളെത്തുടർന്ന് ചർച്ചയും സംവാദവും നടക്കും.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ജൂലൈ 7 നുമുമ്പ് ദീപനാളം ഓഫീസുമായോ 9544969593, 9846764366 എന്നീ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

